# Mathrubhumi

# 22 August 2018

# Kerala Flood

## ഇനിയും പുഴയൊഴുകും... ഇതുവഴി കുളിർകാറ്റോടി വരും




Snehaganga

ഡോ. വി.പി.ഗംഗാധരൻ |

drvpgangadharan@gmail.com


കഴിഞ്ഞ ദിവസം ആലുവയിൽനിന്ന് കാലടി പെരുമ്പാവൂർ വഴി തൃപ്പൂണിത്തുറയിലേക്ക് പോകുമ്പോൾ ഇടയ്ക്ക് പെരിയാറിനെ കണ്ടു. ഒന്നുമറിയാത്തതുപോലെ ശാന്തമായി ഒഴുകുകയാണ് പുഴ. അറിയാതെ ആ പഴയ പാട്ട് മനസ്സിലേക്കോടിയെത്തി – ഇനിയും പുഴയൊഴുകും.... ഇതുവഴി ഇനിയും കുളിർകാറ്റോടി വരും....

മഹാപ്രളയത്തിൻെറ ദിവസങ്ങളിൽ കേരളത്തിൻെറ മറ്റൊരു മുഖമാണ് നമ്മൾ കണ്ടത്. ഒരു തരത്തിലുള്ള പഴിചാരലുകളും കുറ്റപ്പെടുത്തലുകളുമില്ലാതെ ഒത്തൊരുമയോടെയും ആത്മവിശ്വാസത്തോടെയും അതിജീവനത്തിനായി പോരാടിയ മനുഷ്യത്വത്തിൻെറ മുഖം. ജാതിയും മതവും രാഷ്ട്രീയവുമൊന്നും ഉണ്ടായിരുന്നില്ല ആ സമയത്ത്. രക്ഷപെടണം നമുക്ക് എന്നൊരു വികാരമായിരുന്നു മുഴുവൻ കേരളീയർക്കും.

എല്ലാ പ്രവർത്തനങ്ങൾക്കും കൈമെയ് മറ





ഋത്വിക് വരച്ച ചിത്രം

ന്ന് മുന്നിട്ടിറങ്ങിയതാകട്ടെ നമ്മുടെ മക്കളായിരുന്നു. നാട്ടിലെ ചെറുപ്പക്കാർ ഒന്നടങ്കം. പ്രതിസന്ധി ഘട്ടത്തിൽ ആരും ഒരു നിർദേശവും നൽകാതെ, ആരും മുന്നിൽനിന്നു നയിക്കാതെ നമ്മുടെ ആളുകൾ ഒന്നിച്ച്അണിനിരന്നു. അപ്രതീക്ഷിതമായ ചില മുന്നേറ്റങ്ങളിലൂടെ വീരനായകരായി മാറിയവരാണ് കേരളത്തിലെ മത്സ്യത്തൊഴിലാളി സഹോദരങ്ങൾ. ഒരു നന്ദിവാക്കു പോലും പ്രതീക്ഷിക്കാതെയാണ് സ്വന്തം ജീവൻ കൂടി തൃണവൽഗണിച്ച് അവർ നൂറുകണക്കിനു മനുഷ്യരെ ആപത്തിൽനിന്നു രക്ഷിച്ചത്.

ഞങ്ങളുടെ ഇളയ മകൻ ഗോവിന്ദിൻെറ വിവാഹത്തോടനുബന്ധിച്ച് തിരുവോണ ദിവസം വൈകുന്നേരം ഒരു സൽക്കാരം ഒരുക്കിയിരുന്നു. പ്രളയദുരിതം വന്നതോടെ ആ പരിപാടി വേണ്ടെന്നു വയ്ക്കുകയും അതിനുവേണ്ടി കരുതിവച്ചിരുന്ന പണം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേക്ക് നൽകാമെന്ന് തീരുമാനിക്കുകയും ചെയ്തു.

സൽക്കാരം മാറ്റിവച്ച തീരുമാനം അറിയിച്ചപ്പോൾ എല്ലാവരും പറഞ്ഞു അത് വലിയൊരു കാര്യമാണെന്ന്. സ്വന്തം ജീവൻ പണയം വച്ച് രക്ഷാപ്രവർത്തനങ്ങൾക്കിറങ്ങിയ മത്സ്യത്തൊഴിലാളികളുടെ മഹാ നന്മയ്ക്കൊക്കെ മുന്നിൽ എത്രയോ നിസ്സാരമാണ് നമ്മുടെ ചെറിയ ചില വേണ്ടെന്നു വയ്ക്കലുകൾ!

കഴിഞ്ഞ ദിവസങ്ങളിലെ പത്രങ്ങളിലൊക്കെയായി എത്രയോ വാർത്തകളാണ് വന്നത് രക്ഷാപ്രവർത്തനങ്ങൾക്കിടെ ജീവൻ വെടിഞ്ഞ മനുഷ്യരെക്കുറിച്ച്. ചെറിയ ചെറിയ വാർത്തകളായി ഒതുങ്ങിപ്പോയ ചില മഹാനന്മകളുടെ വിവരങ്ങൾ. അവരുടെയൊക്കെ ജീവിതങ്ങളോടുള്ള കടം നാമെങ്ങനെയാണ് വീട്ടുക!

അണ്ണാറക്കണ്ണനും തന്നാലായത് എന്ന മട്ടിൽ നമുക്കോരോരുത്തർക്കും കഴിയാവുന്ന സംഭാവനകൾ നൽകാം. തീർച്ചയായും കേരളം അതിജീവിക്കുക തന്നെ ചെയ്യും. നമ്മുടെ ഒത്തൊരുമയും നിശ്ചയദാർഢ്യവും പുതിയ കേരളത്തിൻെറ വലിയ നേട്ടമായി മാറുകതന്നെ ചെയ്യും. വെട്ടിപ്പിടിച്ചും കീഴടക്കിയും പ്രകൃതിയെ തകർത്തുമുള്ള മുന്നേറ്റങ്ങളല്ല ഇനി നമുക്കുവേണ്ടത്. ജാഗ്രതയോടെ, ഭൂമിയെയും സഹജീവികളെയും കരുതലോടെ കണ്ട് പുതിയൊരവബോധത്തോടെ മുന്നേറാൻ നമുക്കു കഴിയണം. അതിനുള്ള കഴിവു നമുക്കുണ്ടെന്ന് നിസ്സംശയം വെളിവാക്കുന്നതായിരുന്നു പ്രളയദിനങ്ങളിലെ നമ്മുടെ അനുഭവം.

ലോകമെങ്ങുമുള്ള മനുഷ്യർ സ്നേഹത്തോടെയും കാരുണ്യത്തോടെയും ആദരവോടെയുമാണ് ഇപ്പോൾ കേരളീയരെ നോക്കിക്കാണുന്നത്. ഓരോ കുട്ടിയുടെയും മനസ്സിൽപ്പോലുമുണ്ട് അതിജീവിക്കും നമ്മൾ എന്ന വികാരം. ഋത്വിക് എന്ന കുട്ടി കഴിഞ്ഞ ദിവസം വരച്ചുതന്നതാണ് കേരളത്തിൻെറ ഒരു ചിത്രം. പ്രളയത്തിൽ മരിച്ചവരോട്, രക്ഷാപ്രവർത്തനത്തിനിടെ ജീവൻ വെടിയേണ്ടി വന്നവരോട് സർവവും നശിച്ച് പുതിയ ജീവിതത്തിലേക്ക് പിച്ചവയ്ക്കുന്നവരോട് നമുക്കോരോരുത്തർക്കും ചില ഉത്തരവാദിത്വങ്ങളുണ്ട്. ചില കടപ്പാടുകളുണ്ട്.

കാൻസർ വന്ന് ചികിൽസയിലൂടെ സുഖപ്പെട്ട ആളുകളുടെ മനോഭാവത്തെക്കുറിച്ച് നമ്മൾ പലപ്പോഴും പറഞ്ഞിട്ടുണ്ട്. വലിയ ചില മാനവിക നന്മകളിലേക്കാണ് അവർ ഉണർന്നെത്താറുള്ളത്. അതുപോലെ ഒരു മഹാ ദുരന്തത്തെ അതിജീവിച്ചിരിക്കുകയാണ് കേരളവും. ഈ ദുരന്താനുഭവം ഓരോ കേരളീയനെയും കൂടുതൽ നല്ല മനുഷ്യനായി മാറ്റിത്തീർക്കുക തന്നെ ചെയ്യും. ഇനിയും പുഴയൊഴുകും... ഇതുവഴി ഇനിയും കുളിർ കാറ്റോടി വരും...